INSTITUTE OF DRIVER TRAINING AND RESEARCH

For safer Roads

എടപ്പാൾ
29/07/2026

# സീൽഡ് ടെണ്ടർ

IDTR കേരളയിലെ അഡ്മിൻ ബ്ലോക്കിൽ നിന്നും ഹോസ്റ്റലിലേക്ക് പ്രവേശിക്കുന്ന വഴിയിൽ ചെക്കിംഗ് സൗകര്യത്തിനു വേണ്ടി ഓട്ടോമാറ്റിക് ബൂം ബാരിയർ സിസ്റ്റം സ്ഥാപിക്കുന്നതിനായി സീൽഡ് ടെണ്ടർ ക്ഷണിക്കുന്നു. ടെണ്ടർ നൽകുവാൻ താത്പര്യമുള്ളവർക്ക് IDTR ലേക്ക് നേരിട്ട് വന്ന് സ്ഥലം പരിശോധിക്കാവുന്നതാണ്.

## സ്പെസിഫിക്കേഷൻ

| ക്രമ നം. | ഇനം | സവിശേഷത |
|---|---|---|
| 1 | തരം | ഇലക്ട്രോമെക്കാനിക്കൽ / ഓട്ടോമാറ്റിക് ബൂം ബാരിയർ |
| 2 | എണ്ണം | 1 |
| 3 | നീളം | 6 മീറ്റർ |
| 4 | പ്രവർത്തനം | ഓട്ടോമാറ്റിക് പ്രവർത്തനം കൂടാതെ മാനുവൽ ഓവർറൈഡ് സൗകര്യം |
| 5 | തുറക്കൽ / അടയ്ക്കൽ സമയം | പരമാവധി 4 - 6 സെക്കന്റ് വരെ |
| 6 | വൈദ്യുതി വിതരണം | 220-240V AC |
| 7 | സംരക്ഷണ നിലവാരം | കുറഞ്ഞത് IP44 |
| 8 | റിമോട്ട് കൺട്രോൾ | കുറഞ്ഞത് 2 എണ്ണം |
| 9 | ബൂം ആം | റിഫ്ലക്ടീവ് സ്റ്റിക്കർ സഹിതമുള്ള അലുമിനിയം ബൂം ആം |
| 10 | ഫൗണ്ടേഷൻ | പൂർണ്ണ കോൺക്രീറ്റ് ഫൗണ്ടേഷനും ഫിക്സിംഗ് സംവിധാനവും ഉൾപ്പെടെ |
| 11 | ഡ്യൂട്ടി സൈക്കിൾ | തുടർച്ചയായ ഹെവി ഡ്യൂട്ടി ഉപയോഗത്തിന് അനുയോജ്യം |
| 12 | ബോഡി | പൗഡർ കോട്ടിംഗ് ചെയ്ത സ്റ്റീൽ ബോഡി |
| 13 | വാറന്റി | കുറഞ്ഞത് 2 വർഷം |

## പ്രത്യേക നിബന്ധന

ബിഡ്ഡർമാർ താഴെപ്പറയുന്ന രണ്ട് ഓപ്ഷനുകൾക്കും പ്രത്യേകം നിരക്ക് രേഖപ്പെടുത്തി ടെണ്ടർ സമർപ്പിക്കേണ്ടതാണ്.

1. **UHF RFID** സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് ബൂം ബാരിയർ – യൂണിറ്റ് നിരക്കും ആകെ തുകയും പ്രത്യേകം രേഖപ്പെടുത്തണം.
2. **UHF RFID** സംവിധാനം ഇല്ലാത്ത ഓട്ടോമാറ്റിക് ബൂം ബാരിയർ – യൂണിറ്റ് നിരക്കും ആകെ തുകയും പ്രത്യേകം രേഖപ്പെടുത്തണം.

SAIFUDDEEN K M
Digitally signed by SAIFUDDEEN K M
Date: 2026.07.29 18:35:03 +05'30'

INSTITUTE OF DRIVER TRAINING AND RESEARCH

UHF RFID സംവിധാനത്തിൽ ഉൾപ്പെടുന്ന RFID Reader, Antenna, Controller, Tags, ആവശ്യമായ Software/Licence (ഉണ്ടെങ്കിൽ), Integration എന്നിവയുടെ സാങ്കേതിക വിവരങ്ങളും പ്രത്യേകം ചേർക്കേണ്ടതാണ്.

## പൊതുവായ നിബന്ധനകളും വ്യവസ്ഥകളും

1. ടെണ്ടർ നൽകുവാൻ താത്പര്യമുള്ളവർ തുക രേഖപ്പെടുത്തിയ സീൽഡ് ടെണ്ടർ നൽകേണ്ടതും കവറിനു മുകളിൽ **"IDTR കേരള – ബൂം ബാരിയർ സീൽഡ് ടെണ്ടർ"** എന്ന് രേഖപ്പെടുത്തേണ്ടതുമാണ്.
2. GST , ട്രാൻസ്പോർട്ടേഷൻ , ലോഡിംഗ് & അൺലോഡിംഗ്, സ്ഥാപിക്കൽ, പരിശോധന, പ്രവർത്തനസജ്ജമാക്കൽ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും ഉൾപ്പെടെയുള്ള തുകയാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്.
3. വർക്ക് ഓർഡർ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്.
4. പ്രവൃത്തി വിജയകരമായി പൂർത്തിയാക്കി സംതൃപ്തികരമായ പ്രവർത്തനം ഉറപ്പാക്കിയതിന് ശേഷമേ പണം അനുവദിക്കൂ.
5. മുൻകൂർ തുക അനുവദിക്കുന്നതല്ല.
6. വാറന്റി കാലയളവിൽ ഉണ്ടാകുന്ന തകരാറുകൾ സ്ഥാപനത്തിന്റെ സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതാണ്.
7. വിതരണം ചെയ്യുന്ന സാമഗ്രികൾ പുതിയതും നിലവാരമുള്ളതുമായിരിക്കണം.
8. സുരക്ഷാ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

ടെണ്ടർ നൽകുവാൻ താല്പര്യം ഉള്ളവർ **07/08/2026, 5 PM ന് മുൻപായി** താഴെ കാണിച്ചിട്ടുള്ള അഡ്രസ്സിൽ ടെണ്ടർ നൽകേണ്ടതാണ്. **10/08/2026, 11.30 AM** ന് ടെണ്ടർ നൽകിയവർ IDTR ൽ ഹാജരാവേണ്ടതും, ഹാജരായവരുടെ മുന്നിൽ വെച്ച് ടെണ്ടർ തുറക്കുകയും ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് IDTR ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

**IDTR കേരള**
**കാലടി പി ഒ, എടപ്പാൾ**
**മലപ്പുറം ജില്ല – 679582**

| | | |
|---|---|---|
| **Office** | **-** | **0494 2082173** |
| **Mobile** | **-** | **9400172100** |
| **Email** | **-** | **office.idtr@kerala.gov.in** |

Digitally signed by
Saifuddeen K M
Date: 29-07-2026
18:31:37

സൈഫുദ്ദീൻ കെ. എം.
ജോയിന്റ് ഡയറക്ടർ
IDTR കേരള